# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി3-928/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി3-928/22 തീയ്യതി: 06/08/2022

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 18-05-2022 | 25-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-05-2022 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിജയകുമാർ.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ജോസഫ് ജോർജ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
വിജു.എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി.കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ്.ടി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.,മേഴ്സി ജോസി | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീ.പ്രസാദ്.കെ.ഡി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.പി.പി.ഷീല | സെക്രട്ടറി | 01-04-2020 | 31-12-2020 |
| ശ്രീമതി.രശ്മിമോൾ.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2021 | 16-02-2021 |
| ശ്രീ.ജോസ് കിന്റൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷിജ.കെ.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീ.ലക്ഷ്മി. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.മഞ്ജു. | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.അനശ്രീ പ്രകാശ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 25-01-2021 |
| ഡോ.സാംസൺ | മെഡിക്കൽ ഓഫീസർ ഹോമിയോ | 26-01-2021 | 31-03-2021 |
| ശ്രീ.സലിം.കെ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 12-02-2021 |
| ശ്രീ.എലിസബത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 13-02-2021 | 28-02-2021 |
| ശ്രീ.ഇന്ദുശ്രീ.ഐ.ബി. | അസി.എഞ്ചിനീയർ | 01-03-2021 | 09-03-2021 |
| ശ്രീ.എലിസബത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 10-03-2021 | 31-03-2021 |
| ശ്രീമതി.ജിബിന.എം.എം | ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-10-2020 |
| ശ്രീമതി.ജിനി.പി വർഗ്ഗീസ് | ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-11-2020 | 31-03-2021 |
| ശ്രീമതി.നീതു.കെ.വിദ്യൻ | വി.ഇ.ഒ (കണ്ടക്കടവ്) | 01-04-2020 | 31-03-2021 |
| ശ്രീമതി.മരിയ റോസി ഫിബി | വി.ഇ.ഒ (കാട്ടിപ്പറമ്പ്) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ദേവദാസ്.ഡി.എച്ച് | വി.ഇ.ഒ (കണ്ണമാലി) | 01-04-2020 | 18-02-2021 |
| ശ്രീമതി.രാജേശ്വരി.കെ.വി | വി.ഇ.ഒ (കണ്ണമാലി) | 19-02-2021 | 31-03-2021 |
| ശ്രീ.പ്രഗദ്.വി.പ്രഭാകർ | വി.ഇ.ഒ (ചെല്ലാനം) | 01-04-2020 | 31-05-2020 |
| ശ്രീ.സുനീഷ്.കെ.ജെ | വി.ഇ.ഒ (ചെല്ലാനം) | 01-06-2020 | 14-09-2020 |
| ശ്രീമതി.ലാലി.പി | വി.ഇ.ഒ (ചെല്ലാനം) | 15-09-2020 | 31-03-2021 |
| ശ്രീമതി.ആഷാ ബെറ്റ്സി.എം.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഹരിത.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ. | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി കണ്ടക്കടവ് | 01-04-2020 | 04-11-2020 |
| ഡോ.ലിസിയ മേരി | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി കണ്ടക്കടവ് | 05-11-2020 | 31-03-2021 |
| ഡോ,രമ്യ.ജി.കൃഷ്ണൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.ചെല്ലാനം | 01-04-2020 | 20-12-2020 |
| ഡോ.ഷൈന | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.ചെല്ലാനം | 21-12-2020 | 29-01-2021 |
| ഡോ,രമ്യ.ജി.കൃഷ്ണൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.ചെല്ലാനം | 30-01-2021 | 31-03-2021 |
| ശ്രീമതി രശ്മിമോൾ പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 19-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Aneesh T S (Auditor, On 19-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 24-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Aneesh T S (Auditor, On 19-05-2022)<br>Last Updated By: Aneesh T S (Auditor, On 19-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-10 |
| 12 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-11 |
| 13 | ഡ്രൈവർക്ക് അധിക വേതനം നല്കി.<br>Written By: Viju M S (Senior Grade Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-12 |
| 14 | ഗ്രാമപഞ്ചായത്തിന്റെ കളിസ്ഥലം നിർമ്മാണത്തിനായി സ്ഥലം വാങ്ങൽ- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 01-08-2022) | 1-13 |
| 15 | കോവിഡ് ഡ്യൂട്ടി ചെയ്തവർക്ക് താമസസൗകര്യം- തനതുഫണ്ടിൽ നിന്നും വൈദ്യുതിചാർജ്ജും വെള്ളക്കരവും പ്രോജക്ടിൽ നിന്നും വാടകയും നൽകി<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-14 |
| 16 | സ്നേഹിത കാളിംഗ് ബെൽ - വികസന ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ മുൻകൂർ നൽകി. | 1-15 |

| | | |
|---|---|---|
| | Written By: Joseph George (Senior Grade Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | |
| 17 | ആംബുലൻസ് സർവ്വീസ് - നടത്തിപ്പിലെ ക്രമക്കേട്<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-16 |
| 18 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ- ഉടമസ്ഥത ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയിട്ടില്ല.<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-17 |
| 19 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-18 |
| 20 | പാലിയേറ്റീവ് കെയർ -ഡ്രൈവർക്ക് അധിക തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 24-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-19 |
| 21 | പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-20 |
| 22 | മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 24-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-21 |
| 23 | സാക്ഷരത പ്രേരക്കിന് ഓണറേറിയം നൽകിയത്.<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-22 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം തുടരുന്നു.<br>Written By: Mercy KP (Auditor, On 24-05-2022)<br>Last Updated By: Raj N.C (Computer Assistant, On 02-08-2022) | 1-23 |
| 25 | ഘടകസ്ഥാപനങ്ങൾക്ക് അനിവാര്യചെലവുകൾക്ക് തുക നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-24 |
| 26 | പഞ്ചായത്ത് - വാടക കെട്ടിടത്തിന് അധിക നിരക്കിൽ വാടക നൽകുന്നു<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-25 |
| 27 | ബാലസഭ പ്രവർത്തനങ്ങൾ - അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമല്ലാതെ തുക ചെലവഴിച്ചു<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-26 |
| 28 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 29-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-27 |
| 29 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-28 |
| 30 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു.<br>Written By: Joseph George (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-29 |
| 31 | ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പാക്കുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 23-05-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 06-08-2022) | |
| 32 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി- ബാധകമല്ലാത്ത ജി.എസ്.ടി അടവാക്കി<br>Written By: Mercy KP (Auditor, On 24-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-31 |
| 33 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-32 |
| 34 | എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-33 |
| 35 | പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് - രജിസ്റ്ററിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-05-2022)<br>Last Updated By: Raj N.C (Computer Assistant, On 03-08-2022) | 1-34 |
| 36 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 29-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-35 |
| 37 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 23-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-36 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ - വിതരണ വിവരം പൂർണ്ണമല്ല<br>Written By: Mercy KP (Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-37 |
| 39 | വാഹന ഇൻഷ്വറൻസ്<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-38 |
| 40 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം<br>Written By: Viju M S (Senior Grade Auditor, On 19-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഡ്രൈവർക്ക് അധിക വേതനം നല്കി.<br>Written By: Viju M S (Senior Grade Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 3-1 |
| 2 | കോവിഡ് ഡ്യൂട്ടി ചെയ്തവർക്ക് താമസസൗകര്യം- തനതുഫണ്ടിൽ നിന്നും വൈദ്യുതിചാർജ്ജും വെള്ളക്കരവും പ്രോജക്ടിൽ നിന്നും വാടകയും നൽകി<br>Written By: Joseph George (Senior Grade Auditor, On 07-07-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 26-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 19-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 07.03.2020 ലെ 1(1) ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 17.02.2021 ലെ 1(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2020-2021 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| മുന്നിരിപ്പ് | 48490951 | 35324625.83 |
| വരവ് | 228236000 | 100978694 |
| ആകെ | 276726951 | 136303319.83 |
| ചെലവ് | 254802350 | 116906545 |
| നീക്കിയിരിപ്പ് | 21924601 | 19396774.83 |

ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അജഗജാന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.06.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.
1.വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. ഇവയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വിവിധ പദ്ധതികൾ വഴി ഡെപ്പോസിറ്റ് വർക്കായി നൽകിയ മുഴുവൻ തുകയും വാർഷിക കണക്കിൽ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകളിൽ ഏത് പ്രവർത്തിക്കാണ് തുക നൽകിയത് , പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിവരങ്ങളൊന്നും ലഭ്യമല്ല. കൂടാതെ വാർഷിക കണക്കിലെ Advance To Others, Advance To Implementing Officers ശീർഷകത്തിലുള്ള തുകകളും ക്രമീകരിച്ചിട്ടില്ല. ഈ ശീർഷകങ്ങളിൽ നൽകിയ വിശദവിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
2.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3.ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

4. തൊഴിൽ രഹിത വേതനമായി ലഭിച്ച തുകയിൽ 4320 രൂപയാണ് ചെലവഴിച്ചത്. എന്നാൽ തിരിച്ചടച്ച തുകയും കൂടി ചേർത്താണ് വാർഷികകണക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35324625.83 |
| വരവ് | 100978694 |
| ആകെ | 136303319.83 |
| ചെലവ് | 116906545 |
| നീക്കിയിരിപ്പ് | 19396774.83 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55611 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2362589 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30710367 | 30710367 | 24794366 | 0 | 5916001 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 5070000 | 5070000 | 4376292 | | 693708 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 1107000 | 1107000 | 368370 | 0 | 738630 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7477596 | 7477596 | 5373150 | 0 | 2104446 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) | 0 | 19590153 | 19590153 | 11166743 | | 8423410 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 9460000 | 9460000 | 4201373 | | 5258627 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ | 12000 | 210000 | 222000 | 210000 | 12000 | |
| ICDS | 1656476 | 1048840 | 2705316 | 465327 | 2239989 | |
| BSUP | 1927485 | 59851 | 1987336 | 0 | 1987336 | |
| NPRPD | 348611 | 1569287 | 1917898 | 223397 | 1694501 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പദ്ധതി (എണ്ണം) പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 243 | 157167876 | 168 | 71133121 | 116 | 52 | 75 | 47.73% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3921 | 1285559 | 1289480 | 1275933 | 13547 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 32735067 | 32735067 | 32735067 | - |
| ആകെ | 3921 | 34020626 | 34024547 | 34011000 | 13547 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 4320 | 6 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2386100 | 170 |
| 3 | വിധവ പെൻഷൻ | 17089800 | 1294 |
| 4 | വാർധക്യകാല പെൻഷൻ | 48839500 | 4667 |
| 5 | വികലാംഗ പെൻഷൻ | 5165000 | 364 |
| 6 | വിവാഹ ധനസഹായം | 150000 | 5 |
| 7 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2535500 | 204 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.05.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18618/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.
2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച്

രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4. പഞ്ചായത്തിന്റെ ആസ്തികൾ യഥാസമയം പേരിൽകൂട്ടുകയോ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിക്കുകയോ ചെയ്യുന്നില്ല.

5. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 01.10.2020മുതൽ 31.12.2020 വരെ | 03.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2014-15മുതൽ 2018-19 വരെ | 27.09.2019 |

## 1-11 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 19/20-21 തീയതി 23/05/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് – 2020-21 |
|---|---|---|---|---|
| 1 | ഗ്രീൻ ഹണ്ട് എന്റർപ്രൈസസ് | 15/193 | 04 | 1st &2nd അർദ്ധവർഷം |
| 2 | വി ജെ റ്റി മറൈൻ | 2/319 | 15 | 1st &2nd അർദ്ധവർഷം |
| 3 | ട്രോപ്പിക്കാന വേൾഡ് | 3/192 | 05 | 1st &2nd അർദ്ധവർഷം |
| 4 | ഹണി ഇൻഡസ്ട്രീസ് | 4/132 | 05 | 1st &2nd അർദ്ധവർഷം |
| 5 | ഡിവൈൻ ട്രേഡേഴ്സ് | 21/513 എ | 05 | 1st &2nd അർദ്ധവർഷം |
| 6 | ആഷ്ലി എന്റർപ്രൈസസ് | 2/266 | 04 | 1st &2nd അർദ്ധവർഷം |
| 7 | എ1 കോൾഡ് സ്റ്റോറേജ് | 2/283എ | 03 | 1st &2nd അർദ്ധവർഷം |
| 8 | IDA ഇൻഡസ്ട്രീസ് | 11/267 | 08 | 1st &2nd അർദ്ധവർഷം |
| 9 | നിഷാന്ത് എക്സ്പോർട്ട്സ് | 10/225 | 19 | 1st &2nd അർദ്ധവർഷം |
| 10 | ഇബ്രാമി നാച്വറൽ ഫുഡ്സ് | 5/112 എ | 19 | 1st &2nd അർദ്ധവർഷം |

## 1-12 ഡ്രൈവർക്ക് അധിക വേതനം നല്കി.

| | |
|---|---|
| പ്രോജക്ട് നം. & പേര് | എസ് 0042/2021 – പാലിയേറ്റീവ് കെയർ പരിചരണം |
| അടങ്കൽ.ഫണ്ട് | 540000 വികസന ഫണ്ട്<br>100000 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് |
| ബിൽ നം,തീയതി,ചെലവ് | 508480, 100000 ബിൽബുക്ക് ,ചെക്ക് നമ്പർ ,തീയതി എന്നിവ ഹാജരാക്കിയിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,ചെല്ലാനം |

ചെല്ലാനം എഫ്.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിൽ പ്രതിദിനം 1,000/- രൂപ നിരക്കിൽ KL-07-BL-428 എന്ന വാഹനം ഓടിക്കാമെന്ന വ്യവസ്ഥയിലാണ് ഡ്രൈവറെ നിയമിച്ചിട്ടുള്ളത്. എന്നാൽ പാലിയേറ്റീവ് കെയർ നേഴ്സ് ഓഡിറ്റിന് ലഭ്യമാക്കിയ ഡെയ് ലി റിപ്പോർട്ട് രജിസ്റ്റർ പ്രകാരമുള്ള തീയതിയും ഡ്രൈവർ വാഹനം ഓടിച്ചതായുള്ള ട്രിപ്പ് ഷീറ്റിലെ തീയതിയിലും പ്രകടമായ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ മാസം | ഡ്രൈവർ ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം ദിവസങ്ങൾ (മെഡിക്കൽ | പാലിയേറ്റീവ് കെയർ ഡെയ് ലി റിപ്പോർട്ട് | വ്യത്യാസം | അധികം നല്കിയ തുക |
|---|---|---|---|---|

| | ഓഫീസർഅംഗീകരിച്ചത്) | രജിസ്റ്റർ | | |
|---|---|---|---|---|
| ജൂലൈ 2020 | 16 ദിവസം | 2ദിവസം | 14ദിവസം | 14000 |
| ഓഗസ്റ്റ് 2020 | 16 ദിവസം | 5ദിവസം | 11ദിവസം | 11000 |
| സെപ്റ്റംബർ2020 | 15ദിവസം | 8ദിവസം | 7ദിവസം | 7000 |
| ഡിസംബർ 2020 | 16 ദിവസം | 13ദിവസം | 3ദിവസം | 3000 |
| ഫെബ്രുവരി 2021 | 16 ദിവസം | 14ദിവസം | 2ദിവസം | 2000 |
| മാർച്ച് 2021 | 16 ദിവസം | 15ദിവസം | 1ദിവസം | 1000 |
| ആകെ | | | | 38000 |

പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വാഹനം ഓടാതിരുന്ന ദിവസങ്ങളിൽ അധികം തുക നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 24.05.2022ൽ നല്കിയ 29ാം നമ്പർഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 38,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-13 ഗ്രാമപഞ്ചായത്തിന്റെ കളിസ്ഥലം നിർമ്മാണത്തിനായി സ്ഥലം വാങ്ങൽ- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം – 277/2021

അടങ്കൽ – 300000/-( ഫണ്ട് -ജനറൽ)

ചെലവ് – 300000 /-(ചെക്ക് നം- 143246 Rs.300000/- C/o 28/10/2020)

നിർവ്വഹണം - സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം. – 24 Dtd 24/05/2022

കുമ്പളങ്ങി വില്ലേജ് സർവ്വേ നമ്പർ 235/1, 236/1 എന്നിവയിൽപ്പെട്ട 1 ഏക്കൽ 21 സെന്റ് വരുന്ന ഭൂമി ഗ്രാമപഞ്ചായത്തിന്റെ കളിസ്ഥലം നിർമ്മാണത്തിനായി 28/05/1990 ൽ വാങ്ങിയതാണ്. ഈ സ്ഥലത്തിന്റെ ആധാരപ്രകാരമുള്ള ബാക്കി തുക നൽകുന്നതിനായി പദ്ധതി പ്രകാരം 3,00,000 രൂപ തനത് ഫണ്ടിൽ നിന്നും 2020-21 ൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന് ഭൂമി നൽകിയ ശ്രീ.ബി.ഇ മനീക് പ്രസാദ്, ബാല്യമ്മേൽ, അന്തിക്കടവ് എന്നയാൾ ഭൂമിയുടെ വില പൂർണ്ണമായും ഗ്രാമപഞ്ചായത്ത് നൽകിയിട്ടില്ല എന്ന് കാണിച്ച് ബഹു.കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജി (WPC No-7787/2005-B) നൽകിയിരുന്നു. ഈ ഹർജിയുടെ വിധിയിൽ ഈ വിഷയത്തിലുള്ള പഞ്ചായത്തിന്റെ അന്തിമതീർപ്പ് ഹർജിക്കാരനെ അറിയിക്കുവാൻ ബഹു.കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമായിട്ടില്ല.

1) ബഹു.കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജി (WPC No-7787/2005-B) യുമായി ബന്ധപ്പെട്ട സത്യവാങ്മൂലത്തിൽ ഗ്രാമപഞ്ചായത്തിന്റെ കളിസ്ഥലം നിർമ്മാണത്തിനായി 28/05/1990 ൽ വാങ്ങിയ 1 ഏക്കർ 21 സെന്റ് വരുന്ന ഭൂമിയുടെ വില അന്ന് നിശ്ചയിച്ചത് അമിതമായതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതായും ആയതിനാൽ സ്ഥലത്തിന്റെ ബാക്കി വില നൽകരുതെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നതായും അറിയിച്ചിരുന്നു. എന്നാൽ സ്ഥലത്തിന്റെ ബാക്കി തുക 2020-21 ൽ നല്കിയപ്പോൾ സർക്കാരിൽ നിന്നും ഈ വിഷയത്തിൽ എന്തെങ്കിലും അനുമതി തേടിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.കേരള ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം എന്തുകൊണ്ട് പാലിക്കപ്പെട്ടില്ല എന്ന കാര്യത്തിൽ വ്യക്തതയില്ല.

2) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 1990 ൽ വാങ്ങിയ ഭൂമി 32 വർഷങ്ങൾക്ക് ശേഷവും അളന്നുതിട്ടപ്പെടുത്തി അതിരടയാളങ്ങൾ തിരിക്കുകയോ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് റവന്യൂരേഖകൾ മാറ്റുകയോ കരം തീർക്കുകയോ ചെയ്തിട്ടില്ല. ഈ അസാധാരണമായ കാലതാമസത്തിനുള്ള കാരണം സംബന്ധിച്ച വിശദാംശങ്ങളോ രേഖകളോ ലഭ്യമായിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2020-21 ൽ തുക ചെലവഴിച്ച് സ്ഥലം സംബന്ധിച്ച പരാതി പൂർണ്ണമായും തീർപ്പാക്കിയെങ്കിലും ഒന്നരവർഷത്തിനുശേഷം നിലവിലും വാങ്ങിയ ഭൂമിയുടെ ഉടമസ്ഥത പഞ്ചായത്തിന്റെ പേരിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് റവന്യൂരേഖകൾ മാറ്റുകയോ കരം തീർക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 1990ൽ വാങ്ങിയ 1 ഏക്കർ 21 സെന്റ് വരുന്ന ഭൂമി നാളിതുവരെ പോക്ക് വരവ് ചെയ്ത് ഉടമസ്ഥാവകാശം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്ത വിഷയത്തിൽ എത്രയും വേഗം തുടർനടപടി സ്വീകരിച്ച് ഉടമസ്ഥത മാറ്റിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 കോവിഡ് ഡ്യൂട്ടി ചെയ്തവർക്ക് താമസസൗകര്യം- തനതുഫണ്ടിൽ നിന്നും വൈദ്യുതിചാർജ്ജും വെള്ളക്കരവും പ്രോജക്റ്റിൽ നിന്നും വാടകയും നൽകി

പ്രോജക്റ്റ് നം-245/2021

അടങ്കൽ- 4,00,000/- (വികസനഫണ്ട് -ജനറൽ)

ചെലവ്- 3,53,565 /-

നിർവ്വഹണം- സെക്രട്ടറി

കോവിഡ് കാലത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച സി.എഫ്.എൽ.ടി.സി യുമായി ബന്ധപ്പെട്ട് കോവിഡ് ഡ്യൂട്ടിക്ക് നിയോഗിച്ച എൻ.എച്ച്.എം സ്റ്റാഫ്, നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരടക്കം 9 പേർ 21/07/2020 മുതൽ 31/07/2020 വരെ 11 ദിവസം താമസിച്ചതിന് 5 ഡബിൾ റൂമുകൾക്ക് 8000 രൂപ നിരക്കിൽ 40,000 രൂപയും കോവിഡ് ലോക്ഡൗൺ കാലയളവിൽ 2020 April 25 2020 May 24 വരെ ഒരുമാസം ഡോക്ടറും ഫാർമസിസ്റ്റും

താമസിച്ചതിനായി 11,000 രൂപയും ഉൾപ്പടെ 51,000 രൂപ അക്ഷയ ഹോംസ്റ്റേ ഉടമ ശ്രീ.ബെന്നൻ വർഗ്ഗീസിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/06/2020 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം കോവിഡ് ജോലി നോക്കുന്ന ജീവനക്കാർക്ക് 25/04/2020 - 24/05/2020 കാലയളവിൽ താമസസൗകര്യം ഏർപ്പെടുത്തി നൽകിയ ശ്രീ.ബെന്നൻ വർഗ്ഗീസിന്റെ ഹോംസ്റ്റേ കെട്ടിടത്തിന്റെ കറന്റ് ചാർജ്ജ് , വെള്ളക്കരം എന്നിവ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് തീരുമാനിക്കുകയും 2020 ജൂൺ മാസം നാലാം തിയതിയിലെ വൗച്ചർ നം-22000190 (ചെക്ക് നം-140088 തി.04/06 /2020) പ്രകാരം 14772 രൂപ ശ്രീ.ബെന്നൻ വർഗ്ഗീസിന് ഇവ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ഡ്യൂട്ടി ചെയ്തവർക്ക് ഒരു മാസക്കാലയളവിൽ താമസസൗകര്യം നൽകിയതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഹോംസ്റ്റേ കെട്ടിടത്തിന്റെ രണ്ട് മാസത്തെ കറന്റ് ചാർജ്ജ് , വെള്ളക്കരം എന്നിവ വാങ്ങിയ ശ്രീ.ബെന്നൻ വർഗ്ഗീസിന് വീണ്ടും സി.എഫ്.എൽ.ടി.സി ചെലവുകൾ (പ്രോജക്ട് നം-245/2021) പദ്ധതിയിൽ നിന്നും ഈ താമസ കാലയളവിലെ വാടകയായി 11,000 (TRN-20111200000003796 Dtd 31/10/2020) കൂടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 സ്നേഹിത കാളിംഗ് ബെൽ - വികസന ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ മുൻകൂർ നൽകി.

അടങ്കൽ-66920/-( വികസനഫണ്ട് -ജനറൽ)

ചെലവ്-49178 /-(ബിൽ നം- 21/2020-21 Rs.49178/- C/o 20/03/2021 )

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
ഓഡിറ്റ് എൻക്വയറി -നം-9 തിയതി 21/05/2022

ഗ്രാമപഞ്ചായത്തിലെ അഗതികളായവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 16 അഗതികളായ സ്ത്രീകൾക്ക് എല്ലാ മാസവും രക്തപരിശോധന നടത്തുന്നതിനും ഇവരെ വിനോദയാത്രക്കു കൊണ്ടുപോയതിനുമായി 49,178 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽ പാലസിലേക്കുള്ള യാത്ര, ഭക്ഷണം എന്നിവക്കായി 6,938 രൂപയും കുടുംബശ്രീ സ്വാന്തനം വാളന്റിയർ മുഖേനെ ഒരാൾക്ക് 220 രൂപ നിരക്കിൽ 16 പേർക്ക് 12 മാസം രക്തപരിശോധന നടത്തുന്നതിനായി 42,240 രൂപയുമാണ് പദ്ധതിയിൽ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ പദ്ധതി കാലയളവിൽ 2021 ഫെബ്രുവരി മാസം മാത്രമാണ് കുടുംബശ്രീ സ്വാന്തനം വാളന്റിയർ മുഖേന രക്തപരിശോധന നടത്തിയിട്ടുള്ളത്. 16 പേർക്ക് പരിശോധന നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും 13 പേരുടെ പരിശോധന മാത്രമാണ് നടന്നത്. 2860 രൂപ ( 220x 13) മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചതിന്റെ രേഖകളുള്ളത്. ബാക്കി തുക 39,380 രൂപ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുക ലാപ്സാകാതിരിക്കുവാൻ പിൻവലിച്ച് സൂക്ഷിക്കുന്നതും അടുത്ത സാമ്പത്തിക വർഷം നടക്കേണ്ട ചെലവുകളുടെ തുക മുൻകൂറായി നൽകിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.ആനുകൂല്യവിതരണത്തിന് ശേഷം മാത്രം നൽകേണ്ട പദ്ധതി വിഹിതം മുൻകൂറായി പദ്ധതിയിലെ ഗുണഭോക്താക്കളിൽ ഉൾപ്പെടുന്ന കുടുംബശ്രീ സി.ഡി.എസിന്റെ അപേക്ഷമാത്രം പരിഗണിച്ച് നൽകിയതും ക്രമപ്രകാരമല്ല. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 2.11 പ്രകാരം സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള പദ്ധതികളിലൊഴികെ സബ്സിഡി മുൻകൂറായി നൽകാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആശുപത്രികളിലേക്കുള്ള മരുന്നുവാങ്ങൽ പോലുള്ള അടിയന്തിര ആവശ്യങ്ങൾക്കാണ് നിലവിൽ അഡ്വാൻസായി പദ്ധതി വിഹിതം ചെലവഴിക്കാവുന്നത്. ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 8.4പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ പാടില്ല.ഈ സാഹചര്യത്തിലാണ് പ്രത്യേക അനുമതിയില്ലാതെ വിനോദയാത്ര പോലുള്ള ആവശ്യങ്ങൾക്കായി വികസനഫണ്ട് ഉപയോഗിച്ചിട്ടുള്ളത്. കുടുംബശ്രീ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക തിരികെ ഒടുക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെ നടത്തിയ 49,178 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ആംബുലൻസ് സർവ്വീസ് - നടത്തിപ്പിലെ ക്രമക്കേട്

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 43 M 9978 ആംബുലൻസിന്റെ സേവനവുമായി ബന്ധപ്പെട്ട് 03/07/2020 ലെ 1 (3) കമ്മറ്റി തീരുമാനപ്രകാരം കണ്ടക്കടവ് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെ കൺട്രോളിംഗ് ഓഫീസറായും, കണ്ടക്കടവ് ചക്കാലക്കൽ വീട്ടിൽ ശ്രീ. ജോസഫ് വിനീഷിനെ ഡ്രൈവറായും(ദിവസ വേതനം) നിയമിച്ചു കരാർ ഉടമ്പടി അംഗീകരിച്ചു. (ടി കരാർ ഉടമ്പടിയിൽ കണ്ടക്കടവ് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ ഒപ്പിട്ടതായി കാണുന്നില്ല ) ടി സർവ്വീസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. 21/07/2020 ൽ ആംബുലൻസിന്റെ സേവനം ആരംഭിച്ചതു മുതൽ പിരിഞ്ഞു കിട്ടിയ വാടക തുക കരാർ വ്യവസ്ഥ 8 പ്രകാരം പഞ്ചായത്ത് നൽകിയ പ്രത്യേക രസീതിൽ ഈടാക്കി അടുത്ത പ്രവൃത്തി ദിവസം തന്നെ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് HMC അക്കൗണ്ടിൽ അടവാക്കണമെന്നിരിക്കെ 07/07/2020 മുതൽ ലഭിച്ച വാടക വരവ് HMC അക്കൗണ്ടിൽ അടവാക്കാതെ ഒന്നര വർഷത്തിനു ശേഷം ആകെ വാടക വരവിൽ (114485 രൂപ) നിന്നും ചെലവ് തുക കഴിച്ച് ബാക്കി 26107 രൂപ മാത്രമാണ് പഞ്ചായത്തു ഫണ്ടിൽ 17/02/2022 ന് അടവാക്കിയത്.

2. കരാർ വ്യവസ്ഥ 2 പ്രകാരം വാഹനത്തിന്റെ സർവ്വീസ് അറ്റകുറ്റ പണികൾ എന്നിവ ചുമതലക്കാരനായ മെഡിക്കൽ ഓഫീസറുടെ ശുപാർശയോടുകൂടെ സെക്രട്ടറിയുടെ അനുവാദത്തിൽ മാത്രം ചെയ്യ പോരണമെന്നിരിക്കെ അപ്രകാരം ചെയ്യാതെ ആമ്പുലൻസിൽ നിന്നുള്ള കളക്ഷൻ തുക കൈവശം വെച്ച് അതിൽ നിന്നും ഓഡിറ്റ് കാലയളവിൽ ചെലവഴിച്ച (18981 + 23675) =42656/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്താതിരിക്കാൻ തക്കതായ

കാരണങ്ങളുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/20-21 തീയതി 23/5/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
വാഹന ഇന്ധന ചെലവ്, ഡ്രൈവറുടെ ദിവസ വേതനം ചെലവ് എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകി വരുന്നനതാകയാൽ സെക്രട്ടറിയുടെ അംഗീകാരമില്ലാതെ തന്നിഷ്ട പ്രകാരം ആമ്പുലൻസ് ഡ്രൈവർ ചെലവഴിച്ച (18981 + 23675) =42656/- രൂപയുടെ ചെലവ് കൺട്രോളിംഗ് ഓഫീസറുടെ ഉത്തരവാദിത്വമായിതിനാൽ സെക്രട്ടറിയും കൺട്രോളിംഗ് ഓഫീസറും അംഗീകരിച്ച ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ടി തുക തടസ്സപ്പെടുത്തുന്നു.

## 1-17 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ- ഉടമസ്ഥത ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയിട്ടില്ല.

പ്രോജക്റ്റ് നം-8/2021

ചെലവ്- 451892/-( ജില്ലാ പഞ്ചായത്ത് ഫണ്ട്- 351892 /-& തനത് ഫണ്ട്-100000/-)

ചെക്ക് നം- JN 2182585 Dtd 18/06/2020 Rs.100000 /- (തനത് ഫണ്ട്)

ചെക്ക് നം- -JN0707857 Dttd 18/06/2020 Rs. 351892 /-

ഓഡിറ്റ് എൻക്വയറി നം-14 Dtd 23/05/2022

ഗ്രാമപഞ്ചായത്തിലെ അങ്കണവാടിക്കായി സ്ഥലംവാങ്ങുന്നതിനായി 2020-21 സാമ്പത്തികവർഷം ജില്ലാപഞ്ചായത്ത് വിഹിതം, തനത് ഫണ്ട് എന്നിവയിൽ നിന്നായി 4,51,892/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർവ്വെ നം 220/1/18 ൽ പെട്ട 1.21 ആർ സ്ഥലം ശ്രീ.മൈക്കിൾ പ്രശാന്ത്, കൂട്ടുങ്കൽ എന്നയാളിൽ നിന്നും 19/06/2020 ലെ 1235/1/2020 നമ്പർ പ്രകാരം വാങ്ങിയെങ്കിലും വില്ലേജിലെ 16010/P നമ്പർ തണ്ടപ്പേരിൽ നിന്നും ഈ സ്ഥലത്തിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയതും ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചതുമായ ആസ്തികളുടെ സംരംക്ഷണത്തിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് നിൽക്കുന്ന സ്ഥലം, ഘടകസ്ഥാപനങ്ങളുടെ ഓഫീസ് നിൽക്കുന്ന സ്ഥലങ്ങൾ, വിവിധ അങ്കണവാടി കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലങ്ങൾ, ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങൾ ഉൾപ്പടെയുള്ളവയുടെ ഉടമസ്ഥത തെളിയിക്കുന്ന റവന്യൂരേഖകൾ, ആസ്തികളുടെ അതിരുകൾ തിരിച്ച് സംരംക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ മഴക്കാലപൂർവ ശുചീകരണത്തിനായി വൗച്ചർ നം.2200117 തിയതി.12/05/2020 പ്രകാരം ശുചിത്വ മിഷൻ ഫണ്ട് 10,000/- തനതു ഫണ്ട് 5,000/- ഉൾപ്പെടെ 15,000 രൂപവീതം 21 വാർഡുകളിലേക്കായി ആകെ 3,15,000/- രൂപ തനതു ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് കൈമാറിയതായി കാണുന്നു. ടി തുക 21 വാർഡുകൾകളിലെയും മഴക്കാലപൂർവ്വശുചീകരണത്തിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിനു വേണ്ടിയാണ് കൈമാറിയിട്ടുള്ളത് . ഇതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 5/20-21 തീയതി 19/5/22 നൽകിയെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 21 വാർഡുകളിലേക്കായി ആകെ നൽകിയ 3,15,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 പാലിയേറ്റീവ് കെയർ -ഡ്രൈവർക്ക് അധിക തുക നല്കി

| | |
|---|---|
| പ്രോജക്റ്റ് നം & പേര് | എസ് 0042/2021 - പാലിയേറ്റീവ് കെയർ പരിചരണം |
| അടങ്കൽ | 5,40,000/- (വികസന ഫണ്ട്)<br>1,00,000/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ബിൽ നം,തീയതി,ചെലവ് | 5,08,480/-<br>1,00,000/-<br>6,08,480/- ആകെ ചെലവ്<br>ബിൽബുക്ക് ,ചെക്ക് നമ്പർ ,തീയതി എന്നിവ ഹാജരാക്കിയിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെല്ലാനം |

എഫ്.എച്ച്.സി. ചെല്ലാനത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ആംബുലൻസ് വാടകയ്ക്കെടുത്തിരുന്നു. പ്രതിദിനം 1000 രൂപ നിരക്കിലാണ് KL-07-BL-428 എന്ന വാഹനം ഓടുന്നതിനുള്ള ക്വട്ടേഷൻ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെല്ലാനം അംഗീകരിച്ചിട്ടുള്ളത്. 09.09.2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ1(8) നമ്പർ തീരുമാനപ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പുറമേ വാഹനം കോവിഡ് പ്രവർത്തനങ്ങൾക്കായി ഓടുന്നതിനാൽ പ്രതിദിനം 1700/-രൂപ നല്കണമെന്നുള്ള ഡ്രൈവറുടെ അപേക്ഷ പ്രകാരം അത്തരം യാത്രകൾക്ക് 1700/- രൂപ നിരക്കിൽ നൽകുന്നതിന് അനുവാദം നല്കിയിരുന്നു. എന്നാൽ 2020 സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിൽ വാഹനയുടമ സമർപ്പിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റിൽ വാഹനം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് മാത്രം ഓടിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് മെഡിക്കൽ ഓഫീസർ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയുമാണ് പ്രസ്തുത മാസങ്ങളിലെ തുക നല്കിയിട്ടുമുള്ളത്. എന്നാൽ കോവിഡ് പ്രവർത്തനങ്ങളിൽ വാഹനം ഉപയോഗിക്കാതെ തന്നെ 1700/-രൂപ പ്രതിദിനം അനുവദിക്കുക വഴി 18500 രൂപ വാഹനയുടമയ്ക്ക് അധികം നല്കിയതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു :-

| മാസം | വാഹനം ഓടിയ ആകെ ദിവസങ്ങൾ | 1000രൂപ നിരക്കിൽ നല്കേണ്ട തുക | പ്രസ്തുത മാസങ്ങളിൽ നല്കിയ തുക | അധികം നല്കിയ തുക |
|---|---|---|---|---|
| 2020 സെപ്റ്റംബർ | 15 | 15,000 | 22,300 | 7,300 |

| | | | | |
|---|---|---|---|---|
| 2020 ഒക്ടോബർ | 16 | 16,000 | 27,200 | 11,200 |
| ആകെ | | | | 18,500 |

മേൽ പ്രകാരം വാഹനയുടമയ്ക്ക് 18,500/- രൂപ അധികം നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ വാഹനയുടമയുമായി ഏർപ്പെട്ടിട്ടുള്ള കരാറും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 23.05.2022 നല്കിയ 23ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച അധിക തുകയായ 18,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.കൂടാതെ 2020-21 ൽ 145/2021 , സി.എഫ്.എൽ.ടി.സി ചെലവുകൾ എന്ന പ്രോജക്ട് പ്രകാരം വാഹനം കോവിഡ് പ്രവർത്തനങ്ങൾക്കും, രോഗികളെ ടെസ്റ്റിനായും സി.എഫ്.എൽ.ടി.സിയിൽ എത്തിക്കുന്നതിനുമായി ഓടിയതിന് ശ്രീ എ.ജെ.വർഗ്ഗീസ് എന്ന വ്യക്തിക്ക് 22,335/-രൂപ (വാഹന നമ്പർ ലഭ്യമല്ല) നല്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് പ്രത്യേകമായി തുക അനുവദിച്ചതിന്റെ കാരണവും വ്യക്തമല്ല. ആയതിനാൽ ശ്രീ എം.ജെ. വർഗ്ഗീസ് എന്ന വ്യക്തിയെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനായി നിയമിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളും ഏജൻസികളും കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 11/21 | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (11 Wards) | Rs.9,66,097/- (TRN-201112000000002729 Dtd 27/08/2020,<br>201112000000003798 Dt 30/10/2020,<br>201112000000005011 Dt 31/12/2020 Etc) |
| 09/21 | എ.ബി.സി പദ്ധതി | Rs.105000/- (TRN-201112000000006591 Dt 15/03/2021) |
| 14/21 | ഐ.കെ.എം വിഹിതം | Rs.95853/- (TRN-201112000000006502 Dt 09/03/2021) |
| 02/21 | SSA വിഹിതം | Rs.201230/- (TRN-201112000000006500 Dt 09/03/2021)<br>Rs.369075/- (TRN-201112000000003998 Dt 10/11/2020) |
| 03/21 | സാമൂഹ്യസുരക്ഷാമിഷൻ വിഹിതം | Rs.100000/- (TRN-201112000000006592 Dt 15/03/2021) |
| 210/21 | ജൽജീവൻ മിഷൻ | Rs.100000/- (TRN-201112000000007192 Dt 30/03/2021) |
| | ആകെ | 19,37,255/- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് ജലജീവൻമിഷനിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. 15% ഗ്രാമപഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടെയാണ് പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങളും വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

എസ്.എസ്.എ വിഹിതം നല്കൽ (പ്രോജക്ട് നം-02/21) പദ്ധതിയുടെ തദ്ദേശസ്ഥാപന വിഹിതമായി 570305 രൂപ ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അധ്യാപക പരിശീലനം, ടീച്ചേഴ്സ് ഗ്രാന്റ്, കുട്ടികൾക്ക് യൂണിഫോം ഇനങ്ങളിലുൾപ്പടെയാണ് ചെലവ് കണക്കാക്കിയിരുന്നത്. കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടച്ചിട്ടിരുന്നതിനാൽ ഈയിനങ്ങളിൽ ചെലവിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല. നൽകിയ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ നടത്തിയ പ്രവർത്തനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നം – 11/2020-21 തീയതി 21.05.2022) മറുപടിയോ തുകയുടെ വിനിയോഗവിവരങ്ങളോ ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് നൽകിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈയിനങ്ങളിൽ ചെലവഴിച്ച 19,37,255/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം & പേര് | എസ് 0036/2021<br>ചെല്ലാനം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 8,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നം,തീയതി,ചെലവ് | ബിൽബുക്ക് , ചെക്ക് നമ്പർ, തീയതി എന്നിവ ഹാജരാക്കിയിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെല്ലാനം |

ചെല്ലാനം എഫ്.എച്ച്.സി.ക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെല്ലാനം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം 18.02.2021 ൽ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് PRF-5499 പ്രകാരം ട്രഷറിയിൽ നിന്ന് 800000 രൂപ മുൻകൂറായി മാറി സ്ഥാപനത്തിന്റെ 3624001800000019 എന്ന അക്കൗണ്ട് നമ്പറിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൽ നിന്ന് മരുന്ന് ലഭ്യമായതിന്റെ ബില്ലുകളോ, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററോ,ട്രഷറിയിൽ നിന്ന് തുക മാറിയതിന്റെ ബില്ല് നമ്പറോ തീയതിയോ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 23.05.2022 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 8,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി രേഖകൾ

സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സാക്ഷരത പ്രേരക്കിന് ഓണറേറിയം നൽകിയത്.

സാക്ഷരത പ്രേരക് മാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്മാരായ ശ്രീമതി സീമ എ.പി. ക്ക് 12/20,01/21 എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് 17600/- (വൗച്ചർ നം. 22001177 തീയതി 19.03.2021) രൂപ നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 3/20-21 തീയതി 19/5/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയത് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം തുടരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം (2020-21), മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം നിലവിലും തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചതായും ബാങ്കുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതായും കാണുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/20.05.22), തുകകൾ D.B.T. സെല്ലിൽ ഉണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

എ) ഗുണഭോക്താവിൻറെ മരണശേഷവും ആക്ടീവായി തുടരുന്ന വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം./ Bank | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 308765532777 DTH | വെളമ്മ | 03.02.2020 | 32200 | 12/2019 To 4/2022 | കൈമാറാൻ സാധിച്ചില്ല. |
| 2 | 699940147173/ Union Bank Of India | സേവ്യർ | 21.02.2020 | 14400 | 05/2020to 04.2022 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |
| 3 | 880033515201/ Union Bank Of India | ത്രേസ്യ | 23.03.2020 | 24500 | 5/2020 To 08.2021 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| | | | | 12800 | 9/2021 To 4/2022 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |
| 4 | 664026193778/Union Bank Of India | വി.പി. അയ്യൻ | 20.02.2020 | 37300 | 5/2020 To 4/2022 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |
| 5 | 507526904624/ Union Bank Of India | മേരി പി.എം. | 18.05.2020 | 34300 | 07/2020to 4/2022 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 6 | 874955114173/ Corporation Bank | രവീന്ദ്രൻ | 25.03.2020 | 36100 | 05/2020to 04/2022 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 7 | 820467332847/ Union Bank Of India | ബേർളി | 13.06.2020 | 13200 | 07/2020 To 4/2022 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 8 | 221600782044/Union Bank Of India | പക്കോലി വക്കച്ചൻ | 02.07.2020 | 30900 | 09/2020 To 4/2022 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 9 | 774612327987/Union Bank Of India | സേവ്യർ കെ.എ. | 26.09.20 | 9600 | 01/21 To 4/22 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |
| | ആകെ | | | 245300 | | |

ബി) ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതിനാൽ വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ചും ഇവയുടെ തിരിച്ചടവ് സംബന്ധിച്ചും വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ആധാർ നം. | പേര്/ മരണപ്പെട്ട തീയതി | Date Of Suspension | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | 753500834365 | മാനവൽ , 03.02.2020 | 09.03.21 | 10200 | 10/2019 To 2/2021 |
| 2 | 429301054446 | ത്രേസ്യ , അറക്കൽ 24.02.2020 | 17.03.21 | 22300 | 10/2019 To 2/2021 |

| | | | | | |
|---|---|---|---|---|---|
| 3 | 434841935723 | ആലീസ് ജോർജ്ജ് 01.06.2020 | 09.03.21 | 13800 | 05/20 To 02/21 |
| 4 | 647116157138 | കുഞ്ഞപ്പൻ 21.03.20 | 09.03.21 | 25500 | 10/2019 To 2/2021 |
| 5 | 271334361080 | ജെയിംസ് 31.03.20 | 18.05.22 | 14400 | 05/20 To 4/22 |
| 6 | 563033179044 | വർഗീസ് 01.08.20 | 17.03.21 | 6000 | 05/20 To 4/21 |
| 7 | 813425066811 | ജസ്സി മൈക്കിൾ 06.06.20 | 09.03.21 | 13800 | 05/20 To 2/21 |
| 8 | 473857740112 | ജോസഫ് ജോർജ്ജ് 25.08.20 | 18.05.22 | 24000 | 09/20 To 4/22 |
| | | | | 130000/- | |

മരണപ്പെട്ട ഗുണഭോക്താക്കളുടെ/ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 001101023000269 ഐ.എഫ്.എസ് കോഡ്- KSBK0000101. വിതരണത്തിനായി ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുതും എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതുമായ തുകകൾ സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കി തുകകൾ തിരികെ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കേണ്ടതാണ്.

സി) ഗ്രാമ പഞ്ചായത്തിൽ മരണവിവരം രജിസ്റ്റർ ചെയ്യപ്പെട്ടതും എന്നാൽ ക്ഷേമനിധി, കർഷക പെൻഷനുകൾ ആക്ടീവായി തുടരുന്നതുമായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശസ്ഥാപനം എന്ന നിലയിൽ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിനെ/ കൃഷി ഓഫീസിനെ വിവരം അറിയിച്ചിട്ടില്ല. ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ടി പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ആധാർ നം. | പേര്/ മരണപ്പെട്ട തീയതി | ആക്ടീവായി തുടരുന്ന പെൻഷൻ/ Pension ID |
|---|---|---|---|
| 1 | 699940147173/ Union Bank Of India | സേവ്യർ/ 21.02.2020 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ / 20900256835 |
| 2 | 602742982355 | പി.ഡി. വിശ്വനാഥൻ , 14.04.20 | കർഷക പെൻഷൻ , കൃഷി ഓഫീസ് ചെല്ലാനം. , 2220139239 |
| 3 | 625389765233 | ത്രേസ്യാമ്മ നെടിയാട്ടുകളം, 28.05.20 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ /2090020995 |
| 4 | 820467332847 | ബേർളി 13.06.2020 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ /2090033045 |
| 5 | 271334361080 | ജെയിംസ് 31.03.20 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ / 2090056598 |
| 6 | 563033179044 | വർഗീസ് 01.08.20 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ / 2090020324 |
| 7 | 774612327987 | സേവ്യർ കെ.എ. 26.09.20 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ /2090048076 |
| 8 | 278147212459 | ഔസേപ്പുകുട്ടി 26.08.20 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ /2090003579 |

ഡി) (സർക്കാർ ഉത്തരവ് ( M.S.) നം. 97/2020ധന തീ. 23.09.20 പ്രകാരമുള്ള മുന്നറിയിപ്പായി) മരണപ്പെട്ടു എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുണ്ട് എന്ന ഓൺലൈൻ മെസ്സേജ് പ്രകാരം പരിശോധിച്ചതിൽ 92 പേരുവിവരങ്ങൾ കാണുന്നുണ്ട്.

ഉദാ -

| ക്രമ നം. | Pension ID | പേര്/ | പെൻഷൻ |
|---|---|---|---|
| 1 | 106650100171 | പൗളി സേവ്യർ | കർഷകതൊഴിലാളി പെൻഷൻ 1/22 വരെ കൈപ്പറ്റി 4/22 കൈമാറാൻ സാധിച്ചില്ല. ( DTH ) |

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മേൽ 92 അക്കൗണ്ടുകൾ സസ്പെൻറ് ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കാത്ത തുകകൾസംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ രേഖകൾ ( UTR നമ്പർ ) സഹിതം ലഭ്യമാക്കേണ്ടതാണ്.

ഇ) മരണ റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതു സംബന്ധിച്ച് ഓഫീസ് ഓർഡർ നൽകിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് ഓഫീസ് ഓർഡർ നൽകിയിട്ടില്ല എന്നാണ് അറിയിച്ചത് . ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും

പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മരണ റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനുകൾക്ക് ഓഫീസ് ഓർഡർ നൽകി കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഘടകസ്ഥാപനങ്ങൾക്ക് അനിവാര്യചെലവുകൾക്ക് തുക നൽകൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം-4/2021

അടങ്കൽ-300000/-( മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട്)

ചെലവ്- 300000/-

നിർവ്വഹണം- സെക്രട്ടറി

ഓഡിറ്റ് എൻക്വയറി – നം-15 Dtd 23/05/2022

ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെ അനിവാര്യചെലവുകൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3,00,000/- രൂപ സ്ഥാപനങ്ങളുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിവിധ ഘടകസ്ഥാപനങ്ങളുടെ അനിവാര്യചെലവുകൾക്കായി നൽകിയ തുകയുടെ വിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നൽകിയ തുക | വൌച്ചർ നം & തീയതി |
|---|---|---|---|
| 1 | കൃഷി ഓഫീസ് | 1,50,000/- | TRN-20111200000001489 Dtd 06/07/2020 |
| 2 | മൃഗാശുപത്രി | 52,000/- | TRN-20111200000001489 Dtd 06/07/2020 |
| 3 | ഐ.സി.ഡി.എസ് | 50,000/- | TRN-20111200000001489 Dtd 06/07/2020 |
| 4 | ഹോമിയോ ആശുപത്രി | 45,000/- | TRN-20111200000001489 Dtd 06/07/2020 |
| 5 | ആയുർവേദ ആശുപത്രി | 2,322/- | TRN-20111200000001489 Dtd 06/07/2020 |
| | ആകെ | 2,99,322/- | |

നൽകിയ തുകയുടെ ചെലവുകളുടെ വിശദാംശങ്ങളും ഘടകസ്ഥാപനങ്ങളുടെ പക്കൽ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/2020-21 തീയതി 23.05.2022) നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമായില്ല. ഘടകസ്ഥാപനങ്ങളുടെ യഥാർത്ഥ ചെലവുകൾ പരിഗണിക്കാതെ അഡ്വാൻസ് നൽകുന്നതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക നിഷ്ക്രിയമായി തുടരുന്ന സാഹചര്യമുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ ബാലൻസുള്ള ഈ തുകയുടെ വിശദ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും മുൻകൂർ തുകകൾ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-25 പഞ്ചായത്ത് - വാടക കെട്ടിടത്തിന് അധിക നിരക്കിൽ വാടക നൽകുന്നു

ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രവർത്തിച്ചിരുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ തന്നെ 21ാം വാർഡിലെ ജോസ് ആൻസിൽ, പര്യാത്തുശ്ശേരി എന്ന വിലാസത്തിലുള്ള വ്യക്തിയുടെ 403 A,b എന്നീ നമ്പർ നല്കിയിട്ടുള്ള കെട്ടിടത്തിലാണ് 01.11.2014 മുതൽ 30.10.2018 വരെ പ്രവർത്തിച്ചു വന്നിരുന്നത്.എന്നാൽ 01.11.2018 മുതൽ പഞ്ചായത്ത് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷവും, 2020-21 സാമ്പത്തിക വർഷത്തിലും മാസവാടക 20,244/- രൂപ വീതം നൽകിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ3501/19 തീയതി 08/06/2020 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ച് നല്കിയ പ്രതിമാസ വാടക 18,616/-രൂപയെന്നിരിക്കെ മാസവാടക 20,244/- രൂപ വീതമാണ് നൽകിയതായി കാണുന്നത്. കൂടാതെ 01.11.2018 മുതൽ പഞ്ചായത്ത് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷം, ജൂൺ 2019 മുതലാണ് ബഡ്സ് സ്കൂൾ ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത്. അപ്പോൾ 1/11/18 മുതൽ 30/5/19 വരെയുള്ള 7 മാസക്കാലം വാടക (20244x7) നൽകി. കൂടാതെ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത് ഒഴികെയുള്ള മുറികൾക്ക് ഇപ്പോഴും വാടക നൽകുന്നു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/20-21 തീയതി 23/5/2022) സെക്രട്ടറിയുടെ മറുപടി പഞ്ചായത്ത് പരിധിയിൽ ഇത്രയും സൗകര്യമുള്ള മറ്റ് കെട്ടിടങ്ങൾ ഇല്ലാത്തതിനാലും സി.എഫ്.എൽ.ടി.സി. ഫർണീച്ചറുകൾ പഴയ ഓഫീസ് ഫർണീച്ചറുകൾ എന്നിവ സൂക്ഷിക്കുന്നതിനായാണ് ഇപ്പോഴും കെട്ടിടം വാടകയ്ക്കെടുത്തിരിക്കുന്നത് എന്നാണ്

വാടക മൂല്യവും, കൂട്ടിയിട്ടിരിക്കുന്ന ഫർണീച്ചർ മൂല്യവും താരതമ്യം ചെയ്യുമ്പോൾ വാടക മൂല്യം കൂടുതലാണ്. ഫർണീച്ചറുകൾ ഘടക സ്ഥാപനങ്ങൾക്ക് നൽകി കെട്ടിട വാടക കുറവ് വരുത്തുവാനുള്ള മാർഗ്ഗങ്ങൾ ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-26 ബാലസഭ പ്രവർത്തനങ്ങൾ - അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമല്ലാതെ തുക

ചെലവഴിച്ചു

പ്രോജക്ട് നം-145/2021

അടങ്കൽ-25000/-( വികസനഫണ്ട് -ജനറൽ)

ചെലവ്-22375 /-(ബിൽ നം- 20/2020-21 Rs.22375/- C/o 20/03/2021)

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
ഓഡിറ്റ് എൻക്വയറി -നം-10 Dtd 21/05/2022

ഗ്രാമപഞ്ചായത്തിലെ ബാലസഭയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് കൂട് നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയുടെ പരിശീലനം, കലാപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം എന്നിവ നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ കൗമാരക്കാരായ 30 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിനാണ് പദ്ധതി തുക ചെലവഴിച്ചത്. 08/03/2021 മുതൽ 12/03/2021 വരെ 5 ദിവസം നടത്തിയ കരാട്ടെ പരിശീലനത്തിന് പരിശീലനത്തിൽ പങ്കെടുത്ത 30 കുട്ടികൾക്കുൾപ്പെടെ ചായ, ലഘുഭക്ഷണം, ഉച്ചഭക്ഷണം എന്നിവ നൽകിയതിന് 12,375/- രൂപയും പരിശീലകരുടെ പ്രതിഫലമിനത്തിൽ 10,000/- രൂപയുമാണ് പദ്ധതിയിൽ നിന്നും ചെലവഴിച്ചത്. ഭക്ഷണം നൽകിയ സ്ഥാപനത്തിനോ പരിശീലകർക്കോ നേരിട്ട് നൽകാതെ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അക്കൗണ്ടിലേക്കാണ് പദ്ധതി തുക നൽകിയിട്ടുള്ളത്. ഈ പദ്ധതിക്കായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകളും പരിശീലകരെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങളും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. നൽകിയ പരിശീലനത്തിന്റെ വിശദവിവരങ്ങളും (കാലയളവ്,ഷെഡ്യൂൾ ) ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീ.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 8.4 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകൾ സ്കൂളുകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ കുട്ടികൾക്ക് വിവിധ കായിക പരിശീലനങ്ങൾ ലഭ്യമായിരിക്കെ ഈ വിഭാഗത്തിൽ തുക ചെലവഴിക്കാൻ സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നുമില്ലാതെ ഡി.പി.സി അംഗീകാരം കിട്ടിയ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത കരാട്ടെ പരിശീലനം നടത്തിയത് വഴി വികസനഫണ്ടിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ തുക ചെലവഴിക്കാനിടയാക്കിയിട്ടുണ്ട്. സർക്കാർ പദ്ധതി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രവർത്തനങ്ങൾക്കും മാത്രം പദ്ധതിപ്പണം വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. പള്ളുരുത്തി ശാഖയിൽ 31.8.2017 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം.37127765282). പ്രസ്തുത അക്കൗണ്ടിൽ 29.12.2019 മുതലാണ് ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. 19.3.2022 തീയതിയിൽ ഇ ടെണ്ടർ ഫീ ഇനത്തിൽ 29,290/- രൂപ ടി അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് മാറ്റി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ 6,717/- രൂപ നാളിതുവരെ ഈടാക്കിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത കറന്റ് അക്കൗണ്ടിൽ നിന്നും ഇത്തരത്തിലുള്ള ചാർജ്ജുകൾ ഈടാക്കുന്നത് ക്രമപ്രകാരമല്ല. ടി തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

29.12.2019 ന് മുമ്പുള്ള കാലയളവിലെ ഇ ടെണ്ടർ ഫീ ഏത് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എറണാകുളം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പക്ഷം ടി വിവരങ്ങൾ (ക്രെഡിറ്റ് ചെയ്ത ആകെ തുക, തിരികെ ലഭ്യമാക്കിയ തുക) ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/20.5.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി. യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക

നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | സെന്റ് ജോർജ്ജ് സ്കൂൾ റോഡ് വാർഡ് 16 (241/19) ലോറൻസ് ബാബു<br>പി.എ.സി -1410000/-<br>ചെക്ക് നം. - 707851/20.4.20 | 8.3.2019<br>6 മാസം<br>7.9.2019 | 12.2.2020 | 54990 (3.9%) | -- | 54990 |
| 2 | അഴീപാലത്തിന് പടിഞ്ഞാറ് നടപ്പാതയിൽ കാന നിർമ്മാണം (229/19) എ.ജെ.ജോസഫ്<br>പി.എ.സി -169512/-<br>ചെക്ക് നം. -1139901/24.9.20 | 8.3.2019<br>6 മാസം<br>7.9.2019 | 2.7.2020 | 10001 (5.9%) | 2325 | 7676 |
| 3 | ഗൊണ്ടു പറമ്പ് കോലോത്ത് അമ്പലം റോഡ് (253/19) എ.ജെ.ജോസഫ്<br>പി.എ.സി -784416/- ചെക്ക് നം. - 707854/2.6.20, 707855/2.6.20 | 8.3.2019<br>6 മാസം<br>7.9.2019 | 4.5.20 | 40005 (5.1%) | 23532 | 16473 |
| | ആകെ | | | | | 79139 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/23.5.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പിഴ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കേണ്ട 79139/- രൂപ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-29 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് നമ്പർ | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|
| 1 | വി.ഇ.ഓ കണ്ടക്കടവ് | UBI- A/c.345302010031777 | Rs.1236/- (As On 07/04/22) |
| 2 | വി.ഇ.ഓ കാട്ടിപ്പറമ്പ് | A/c. 345302010026662 | Rs.2198/- (As On 07/04/22) |
| 3 | വി.ഇ.ഓ ചെല്ലാനം | A/c. 345302010019472 | Rs.31640/- (As On 07/04/22) |
| 4 | വി.ഇ.ഓ EMS (SC) | അക്കൗണ്ട് - 1342, SCB South Chellanam | Rs.2871038/- (As On 31/03/2022) |
| 5 | വി.ഇ.ഓ EMS (General) | അക്കൗണ്ട്- 1199- SCB South Chellanam | Rs.11383/- (As On 31/03/2022) |

എന്നാൽ ഇതോടൊപ്പം വി.ഇ.ഒ കണ്ണമാലിയുടെ പേരിലുണ്ടായിരുന്ന A/c 345302010024821-UBI അക്കൗണ്ട് 07/11/2019ൽ ക്ലോസ് ചെയ്തിരുന്നു. ഇ.എം.എസ് ഭവന പദ്ധതിയിലെ നീക്കിയിരുപ്പ് ഇ.എം.എസ് ഭവന പദ്ധതിക്കായി ബാങ്കിൽ നിന്നും വായ്പയെടുത്തതിൽ ചെലവഴിക്കാതെ ബാക്കി വന്ന തുകയാണ്. വായ്പാത്തുക മുഴുവനായും പദ്ധതിപണം വകയിരുത്തി തിരികെ ഒടുക്ക് വരുത്തിയിട്ടുള്ളതാണ് .കൂടാതെ ഇത്രയും തുക പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കപ്പെടാതിരുന്നിട്ടും വായ്പയുടെ മുതൽ ഇനത്തിൽ യഥാസമയം തിരിച്ചടക്കാതിരുന്നതിനാലും പ്രസ്തുത തുകയ്ക്കുള്ള പലിശകൂടി സർക്കാർ ഒടുക്കുവരുത്തേണ്ടതായി വന്നിട്ടുണ്ട്. ആയതിനാൽ പലിശയിനത്തിൽ അധികമായി സർക്കാരിന് തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യമുണ്ടായിട്ടുണ്ട്. നിഷ്ക്രിയമായ എല്ലാ അക്കൗണ്ടുകളും ക്ലോസ് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശമുണ്ടായിട്ടും മുകളിൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടുകൾ നിലവിലും നിഷ്ക്രിയമായി തുടരുകയാണ്. നിഷ്ക്രിയ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുകയുടെ അലോട്ട്മെന്റ് വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിലെ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിക്കായി തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ എ കാറ്റഗറിയിലുൾപ്പെടുത്തി 21 വാർഡുകളിലെ കടലോരത്തും, പൊതുഭൂമിയിലും മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനായി 1,22,50,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻ വർഷം ഈയിനത്തിൽ പ്രോജക്ടുകളൊന്നും ഏറ്റെടുത്തതായി കാണുന്നില്ല. ആയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 19.05.2022ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ കടൽക്കയറ്റത്തിലും, ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യത്താലും സ്വന്തം നേഴ്സറിയിൽ ഉല്പാദിപ്പിച്ച വൃക്ഷത്തൈകൾ നശിച്ച് പോയതിനാലാണെന്നാണ്. കടൽത്തീരങ്ങളിൽ കാറ്റാടിത്തൈകൾ വച്ച് പിടിപ്പിക്കുന്നത് കടൽ ക്ഷോഭത്തെ ഒരു പരിധി വരെ തടയുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും സഹായകരമാകുന്നതാണ്. കൂടാതെ, സി.ആർ.സെഡ്. സോൺ അല്ലാത്ത മത്സ്യാദായം ലഭിക്കുന്ന മേഖലകളിൽ കണ്ടൽ കാടുകൾ വച്ച് പിടിപ്പിക്കുന്നത് മത്സ്യസമ്പത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയെ സഹായിക്കും. കൂടാതെ കാലാവസ്ഥ വ്യതിയാനത്തിന് ഒരു പരിഹാരമാകുകയും ചെയ്യും. ആയതിനാൽ ഏറ്റെടുക്കുന്ന

പ്രവൃത്തികൾ അടിയന്തിരമായി പ്രാവർത്തികമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി- ബാധകമല്ലാത്ത ജി.എസ്.ടി അടവാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | 28/20-21 |
| അടങ്കൽ | 35,00,000/- |
| ചെലവ് | 34,65,327/- |
| തുക, ബിൽ നം./തീയതി | 1422005/ 4/20-21/ 28.08.20<br>110186/8/20-21/18.11.20<br>667639/16/20-21/20.01.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് വില ഈടാക്കിയതെന്ന് കാണുന്നു (73.5/KG) . വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | അളവ് | ജി.എസ്.ടി. |
|---|---|---|---|
| 1 | 138/30.05.20 | 1578.5 | 5524.75 |
| 2 | 137/27.04.20 | 1335 | 4672.50 |
| 3 | 136/29.03.20 | 1319.5 | 4618.25 |
| 4 | 169/30.09.20 | 1479 | 5176.50 |
| 5 | 200/09.12.20 | 1855 | 6492.50 |
| 6 | 201/28.01.21 | 1225 | 4287.50 |
| | ആകെ | | 30772.00 |

ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ ജി.ഒ. നം . സാധാ. 1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. ഈ തുകയാണ് ( 73.50/ KG) ന്യൂട്രിമിക്സിന്റെ ബില്ലിൽ ഈടാക്കിയിരിക്കുന്നത്. ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ സ്ഥാപനം ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24.05.2022) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാധകമല്ലാത്ത ജി.എസ്.ടി നൽകിയത് (30,772/-) തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടേയും, ഹൈമാസ്റ്റ് ലൈറ്റുകളുടേയും വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയതിന് കരാറുകാരനായ ശ്രീ ജോസി റാഫേലിന് 2020-21 കാലയളവിലെ പ്രവൃത്തികൾക്കായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം 45,00,481/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് വിവരം | നൽകിയ തുക |
|---|---|---|
| 1 | തെരുവ് വിളക്ക് പരിപാലനം (147/21) S.O | 2570813 |
| 2 | തെരുവ് വിളക്ക് പരിപാലനം (10/21) | 1929668 |
| | ആകെ | 45,00,481 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1) 147/21 SO പ്രോജക്ടിൽ നിന്നുള്ള ചെലവുകളുടെ ബില്ലുകളും കരാറുകാരന്റെ അപേക്ഷയും മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. വാർഷിക മെയിന്റനൻസിനായി (മെറ്റീരിയൽസ് ഉൾപ്പെടെ) രേഖപ്പെടുത്തിയിട്ടുള്ള തുക കരാറുകാരന്റെ അപേക്ഷ പ്രകാരം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ വിവരങ്ങളോ ഓരോയിനം തെരുവുവിളക്കിനും അംഗീകരിച്ച നിരക്കോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നിർവ്വഹണം നടത്തിയതിന്റെ തെളിവുകളോ മെമ്പർമാരുടേതുൾപ്പടെയുള്ള റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയോ ഹാജരാക്കിയിട്ടില്ല. ബിൽ തുക എപ്രകാരം കണക്കാക്കി എന്നതും വ്യക്തമാക്കിയിട്ടില്ല. ഓരോ ലൈറ്റും കരാർ കാലാവധിയിൽ ഒരു പ്രാവശ്യം റിപ്പയർ ചെയ്യുന്നതിനുള്ള തുക മാത്രമേ നൽകൂ എന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനം ലൈറ്റുകൾ എത്രയെണ്ണം വീതമുണ്ടെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

2) മുൻവർഷങ്ങളിൽ ചെയ്ത പ്രവൃത്തികൾക്കുള്ള തുകയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. ഓരോ കരാർ കാലാവധിയിലേയ്ക്കും കരാറുകാരന് നൽകുന്ന തുക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ പദ്ധതിയിലും നൽകിയതും ബാലൻസുള്ളതുമായ ബില്ലുകളുടെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പ്രസ്തുത ബില്ലുകളിൽ ബാക്കി തുക ലഭിക്കാനുള്ളതായി കാണിച്ച് വീണ്ടും ബില്ലുകൾ സമർപ്പിച്ചിട്ടുള്ളത് മൂലം ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത വ്യക്തമല്ല.

3) എല്ലാ ബില്ലുകളിലും മെറ്റീരിയൽസ് ഉൾപ്പടെയുള്ള മുഴുവൻ നിരക്കുമാണ് കരാറുകാരന് അനുവദിക്കുന്നത്. എല്ലാ റിപ്പയറുകളിലും ചോക്ക്, ബൾബ്, ഹോൾഡർ, വയർ പോലുള്ള എല്ലാ മെറ്റീരിയൽസും മാറ്റിയിടേണ്ട സാഹചര്യം ഉണ്ടാകാറില്ല. സ്ഥാപിക്കുന്ന ഉപകരണങ്ങൾക്ക് മിനിമം ഒരു വർഷം വാറന്റി എല്ലാ വിതരണക്കാരും നൽകുന്നതിനാൽ ഈ കാലയളവിലെ തകരാറുകൾക്ക് ഉപകരണങ്ങളുടെ വില നൽകേണ്ടതില്ല.എന്നാൽ എല്ലാ റിപ്പയറുകൾക്കും മുഴുവൻ തുകയും നൽകുന്നതിനാൽ ഈയിനത്തിൽ ലഭിക്കേണ്ട ആനുകൂല്യം ലഭ്യമാകാത്ത സ്ഥിതിയാണ്. സ്ഥാപിക്കുന്ന മെറ്റീരിയൽസിന്റെ ബില്ലുകളോ എന്തെങ്കിലും രേഖകളോ ഹാജരാക്കാത്തതിനാൽ മാറ്റുന്ന അതേയിനത്തിലുള്ളതും, അതേ ഗുണമേന്മയുള്ളതുമായ ബൾബുകളോ ഉപകരണങ്ങളോ തന്നെയാണ് തിരികെ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിക്കപ്പെടുന്നത് എന്ന കാര്യം പരിശോധിക്കപ്പെടുന്നില്ല.

4) ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജായി ഈടാക്കുന്ന തുകയുടെ വിശദവിവരങ്ങളും ലഭ്യമല്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-31 തീയതി 24/05/2022) മറുപടി ലഭ്യമാക്കിയില്ല. ഈ അപാകതകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളെ സംബന്ധിച്ച കൃത്യമായ ഡാറ്റ ബേസ് തയ്യാറാക്കുവാനും ഇത് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. തകരാറിലാകുന്ന തെരുവുവിളക്കുകൾക്ക് ആവശ്യമായ അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും മെറ്റീരിയൽസ് മാറ്റൽ ആവശ്യമായ റിപ്പയറുകളിൽ മാത്രം അതിനുള്ള ചെലവ് നൽകുന്നതും ഉറപ്പുവരുത്തുന്ന വിധം ടെണ്ടർ, കരാർ നടപടികൾ സ്വീകരിക്കുവാനും മോണറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 258/21 |
| പ്രോജക്ടിന്റെ പേര് | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് ഓഫീസ് വാഹന വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | 68,850/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നം. | 3770/30.10.20 – 24300/-<br>4870/29.12.20 – 28350/-<br>5283/15.1.21 – 16200/- |

ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനിയർക്ക് ഔദ്യോഗിക ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായുള്ള പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ രാജേഷ് തോമസ് എന്നയാളുടെ ക്വട്ടേഷൻ (കാർ പ്രതിദിനം 1350/- രൂപ നിരക്കിൽ 80 കി.മീ. വരെ ) അംഗീകരിക്കുകയും ടി യാനുമായി 1.1.2020 ൽ കരാറിൽ ഏർപ്പെടുകയും, ഓഡിറ്റ് വർഷം ടി ഇനത്തിൽ 68,850/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങളുള്ളതായി കാണുന്നു.

ലോഗ് ബുക്കിൽ ഓരോ ദിവസവും നടത്തിയ യാത്രകളുടെ ട്രിപ്പ് വിവരം, ഓരോ സ്ഥലത്തേയ്ക്കുമുള്ള ദൂരം, യാത്രയുടെ ഉദ്ദേശ്യം എന്നിവയൊന്നും രേഖപ്പെടുത്താതെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളുടെ പേര് രേഖപ്പെടുത്തി ആകെ 80 കി.മീറ്ററിൽ അധികരിക്കാത്ത ദൂരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസർ (അസി.എഞ്ചിനിയർ) ലോഗ് ബുക്ക് ഒരിക്കൽ പോലും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

ഓഡിറ്റ് വർഷം ടി ഇനത്തിൽ കരാറുകാരന് 68,850/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്നും നിയമപ്രകാരം ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട 1% തുകയായ 689/- രൂപ ഈടാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/24.5.22) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ലോഗ് ബുക്ക് പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്നതാണെന്നും, ആദായ നികുതി ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് - രജിസ്റ്ററിലെ അപാകതകൾ

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്കിൽ 13.1.2020 തീയതിയിലെ യോഗ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം 49 മുതൽ 52 വരെയുള്ള പേജുകൾ ശൂന്യമായി വിട്ടിരിക്കുന്നു. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത് (6.11.2020) പഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങൽ എന്ന പദ്ധതിയുടെ ക്വട്ടേഷൻ വിവരങ്ങൾ മാത്രമാണ് പ്രസ്തുത യോഗത്തിൽ രേഖപ്പെടുത്തി കാണുന്നത്. പ്രസ്തുത തീയതിയിലെ മിനിട്ട്സ് ക്ലോസ്സ് ചെയ്തിട്ടില്ല. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള പർച്ചേസുകളുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനങ്ങളും പർച്ചേസ് കമ്മിറ്റി എടുത്തിട്ടില്ല എന്നു കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/24.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മിനിട്ട്സ് ബുക്ക് രേഖപ്പെടുത്തലുകളിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് മിക്ക ഫയലിലും സൂക്ഷിച്ചിട്ടുള്ളത്.

(2) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/23.05.2022) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-36 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സന്നദ്ധ പോർട്ടലിൽ രജിസ്റ്റർ ചെയ്ത യൂത്ത് വോളന്റിയർമാരെ നിയമിച്ചിട്ടുണ്ട്. അതിൽ 25 പേർക്ക് പരിശീലനം നല്കുകയും 20 പേരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെല്ലാനം എഫ്.എച്ച്.സി., ചെല്ലാനം പി.എച്ച്.സി. എന്നിവിടങ്ങളിലേക്കായി വൊളന്റിയർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുള്ളതും, കോവിഡ്-പ്രതിരോധചെലവുകൾ എന്ന പ്രോജക്ട് വഴി പ്രവർത്തനങ്ങൾക്കായി 4,00,000/- രൂപ വകയിരുത്തുകയും 3,53,565/- രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എൽ.ടി.സിക്ക് വേണ്ടി പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിൽ കണ്ണമാലി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ 345302010034872ാം നമ്പരായി എസ്.ബി. അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എൽ.ടി.സി. പ്രവർത്തനങ്ങൾക്ക് വേണ്ടി പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 50,000/- രൂപയും, എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും 2,00,000/- രൂപയും ലഭിച്ചിട്ടുണ്ട്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020-21 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വാർഡ് തല മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്. പഞ്ചായത്ത് തലത്തിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സാംസ്കാരിക കേന്ദ്രത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പഠനകേന്ദ്രം ആരംഭിച്ചിരുന്നു. പ്രവാസികളുടെ തിരിച്ചുവരവുമായി ബന്ധപ്പെട്ട് ക്വാറന്റൈൻ സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയിട്ടില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും ഓൺലൈനായി ചേരുന്ന സമയങ്ങളിൽ കോവിഡ് സംബന്ധമായ പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മീറ്റിംങ് കൂടിയതിന്റെ തീയതിയും വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ എഫ്.എൽ.ടി.സി. പ്രവർത്തനം രൂപീകരിച്ചിരുന്നു. ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി കണ്ണമാലി സെന്റ് ആന്റണീസ് സ്കൂളിൽ ഡോക്ടർ, മഴവൻ സമയ നഴ്സിംങ് സൗകര്യം, ഹെൽത്ത് ഇൻസ്പെക്ടർ, വൊളന്റിയർ, ആംബുലൻസ്, ഭക്ഷണം, മരുന്ന്, 50 കിടക്കകൾ, 4 ടോയ്ലറ്റുകൾ, കുടിവെള്ളം, മറ്റ് അവശ്യഭൗതിക സൗകര്യങ്ങളോടും കൂടി എഫ്.എൽ.ടി.സി. പ്രവർത്തിച്ചിട്ടുണ്ട്. എഫ്.എൽ.ടി.സി.യുടെ പ്രവർത്തനങ്ങൾക്കായി ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അഡ്വാൻസ് തുകയൊന്നും ലഭിച്ചിട്ടില്ല. കുടുംബ ശ്രീ മൈക്രോ സംരംഭക യൂണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിട്ടുണ്ട്. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ പ്രതിദിനം നിരാലംബരായ ആളുകൾക്ക് സൗജന്യമായിട്ടാണ് ഭക്ഷണം നല്കിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിനുള്ള സംഭാവനയായിട്ട് തുകയൊന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് മുഖേനയും ജില്ലാ പഞ്ചായത്തു മുഖേനയും പൾസ് ഓക്സീമീറ്ററുകൾ വാർഡുകളിലേക്ക് വാങ്ങി നല്കിയിട്ടില്ല.

പഞ്ചായത്തിൽ ഇതുവരേ കോവിഡ് ബാധിച്ച് 77 പേർ മരിക്കുകയും 7045 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 1-37 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ - വിതരണ വിവരം പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(ജനറൽ) |
| പ്രോജക്റ്റ് നമ്പർ | 65/20-21 |
| അടങ്കൽ | 4,56,645/- |
| ചെലവ് | 4,56,645/- |
| ബിൽ നം./തീയതി | 21/29/03/21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പദ്ധതിയ്ക്കായി ഇൻവോയ്സ് നം. KADCO/CRO/20-21/437/24.03.21 പ്രകാരം കാഡ്കോ യിൽ നിന്ന് 105 കട്ടിലുകൾ (105 X 3686 + GST) വാങ്ങിയതിനായി ഓഡിറ്റ് വർഷം 4,56,645/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1. 105 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 99 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.
2. 105 പേർക്കായി കട്ടിൽ വാങ്ങിയതായി കാണുന്നു എങ്കിലും 105 ഗുണഭോക്താക്കളുടേയും അപേക്ഷ ലഭ്യമാക്കിയിട്ടില്ല. അതു കൊണ്ട് തന്നെ വിതരണം ചെയ്യാൻ ശേഷിക്കുന്ന കട്ടിലുകൾ ആർക്കൊക്കെയാണ് നൽകേണ്ടത് എന്ന് രജിസ്റ്ററിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. 31.10.2020 ലെ 3/2/(2) നമ്പർ തീരുമാനം പ്രകാരമാണ് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 18.02.21 ൽ നിർവഹണ ഉദ്യോഗസ്ഥ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ കത്തിൽ ഇനിയും 19 അപേക്ഷകൾ ലഭ്യമാകുവാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കാതെയാണ് കട്ടിൽ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാണ്. ഗ്രാമസഭയിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കണം എന്ന നിബന്ധന ഗ്രാമപഞ്ചായത്ത് പാലിക്കാത്തതിനാലാണ് ഇപ്രകാരമുള്ള ക്രമക്കേടുകൾ സംഭവിക്കുന്നത്.

മേൽ അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/24.5.22) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ 23.03.21 ന് കട്ടിലുകൾ ലഭ്യമായി എങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 01.03.2021 ലെ 8/1 നമ്പർ തീരുമാനം പ്രകാരം ഇലക്ഷൻ പെരുമാറ്റച്ചട്ടം മാറുന്നതു വരെ (03.05.2021 വരെ) കട്ടിലുകളുടെ വിതരണം നടത്താൻ പാടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കട്ടിലുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് പരിധിയിലുള്ള അബാദ് ഹാച്ചറിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും, എന്നാൽ തുടർ മാസങ്ങളിലുണ്ടായ കോവിഡ് ലോക്ക് ഡൗൺ, ( Disaster Management (A) Department G.O.( Rt) No. 391/2021/DMD Dated 30.04.21 പ്രകാരമുള്ള നിയന്ത്രണങ്ങൾ , കടലാക്രമണം (13.05.2021) എന്നിവ മൂലം പദ്ധതി നിർവഹണം വീണ്ടും നീണ്ടുപോവുകയും കടലാക്രമണത്തിൽ വെള്ളം കയറി കട്ടിലുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ 6 കട്ടിലുകൾ വിതരണം നടത്താൻ സാധിച്ചില്ല എന്നറിയിച്ചിട്ടുണ്ട്. കട്ടിലുകൾ വിതരണം ചെയ്ത ഏജൻസിയുമായി ബന്ധപ്പെട്ട് കട്ടിലുകൾ നന്നാക്കി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലഭ്യമായ ഫർണ്ണീച്ചറുകൾ യഥാവിധി സൂക്ഷിക്കേണ്ടത് പർച്ചേസിംഗ് ഓഫീസറുടെ ഉത്തരവാദിത്തമാണെങ്കിലും മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് വിതരണത്തിലുണ്ടായ കാലതാമസ്സം ഓഡിറ്റിൽ അംഗീകരിക്കുന്നു. വിതരണ വിവരം ഹാജരാക്കിയിട്ടില്ലാത്ത ആറ് കട്ടിലുകൾ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അറ്റകുറ്റപ്പണികൾ നടത്തി യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ വ്യവസ്ഥ പ്രകാരം പല ആനുകൂല്യങ്ങളും ഒരു ഗുണഭോക്താവിന് ഒരിക്കൽ മാത്രം, 4 വർഷത്തിലൊരിക്കൽ, 8 വർഷത്തിലൊരിക്കൽ എന്നിങ്ങനെ നിബന്ധന ഉള്ളവയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് സ്ഥിരമായ വിതരണ രജിസ്റ്റർ , പ്രോജക്റ്റ് രജിസ്റ്റർ എന്നിവ ഇല്ലാത്തതിനാൽ മുൻവർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകൂല്യം നൽകുന്നുണ്ടോ എന്ന വിവരം ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും സ്ഥിരമായ വിതരണരജിസ്റ്റർ, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി, ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി വിതരണരജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നത് ഉചിതമായിരിക്കും.

## 1-38 വാഹന ഇൻഷ്വറൻസ്

18.04.2000 തീയതിയിലെ ജി.ഒ(പി) നം 819/2000/ധന ഉത്തരവ് പ്രകാരം കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റേയും ബഡ്സ് സ്കൂൾ വാഹനത്തിന്റേയും ഇൻഷ്വറൻസ് പുതുക്കിയിട്ടുള്ളത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ്. അടവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം | പ്രീമിയം തുക | വൌച്ചർനം, തീയതി |
|---|---|---|
| ബൊലേറോജീപ്പ് KL 43D- 5555 | 12192/- | 22000285, 03.07.2020 |
| ബഡ്സ് സ്കൂൾ വാൻ KL 43C 9369 | 35158/- | 22000394, 03.09.2020 |

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 06/20-21 തീയതി 19/05/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 1998-99, 1999-2000, 2000-01, 2002-03, 2003-04, 2004-05, 2005-06, 2007-08, 2008-09, 2011-12 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 15.06.2019ൽ നടന്ന ഓഡിറ്റ് അദാലത്തിൽ 23.07.2019/16.10.2019 തീയതികളിലെ കെ.എസ്.എ.ഇ.കെ.എം(പി3)535/2019 കത്ത് പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്. .അവശേഷിക്കുന്ന 80 ഖണ്ഡികകൾക്കും ഉടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈവർക്ക് അധിക വേതനം നല്കി.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0042/2021. , പാലിയേറ്റീവ് കെയർ പരിചരണം |
| അടങ്കൽ | ₹ 5,40,000/- (വികസന ഫണ്ട്)<br>₹ 1,00,000/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ബിൽ നം,തീയതി,ചെലവ് | ₹ 5,08,480/-<br>₹ 1,00,000/-<br>ബിൽബുക്ക് ,ചെക്ക് നമ്പർ ,തീയതി എന്നിവ ഹാജരാക്കിയിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെല്ലാനം |

ചെല്ലാനം എഫ്.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിൽ പ്രതിദിനം 1,000/- രൂപ നിരക്കിൽ KL-07-BL-428 എന്ന വാഹനം ഓടിക്കാമെന്ന വ്യവസ്ഥയിലാണ് ഡ്രൈവറെ നിയമിച്ചിട്ടുള്ളത്. എന്നാൽ പാലിയേറ്റീവ് കെയർ നേഴ്സ് ഓഡിറ്റിന് ലഭ്യമാക്കിയ ഡെയ്‌ലി റിപ്പോർട്ട് രജിസ്റ്റർ പ്രകാരമുള്ള തീയതിയിലും ഡ്രൈവർ വാഹനം ഓടിച്ചതായുള്ള ട്രിപ്പ് ഷീറ്റിലെ തീയതിയിലും പ്രകടമായ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ മാസം | ഡ്രൈവർ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിലെ തീയതി (മെഡിക്കൽ ഓഫീസർഅംഗീകരിച്ചത്) | പാലിയേറ്റീവ് കെയർ ഡെയ്‌ലി റിപ്പോർട്ട് രജിസ്റ്റർ | വ്യത്യാസം | അധികം നല്കിയ തുക |
|---|---|---|---|---|
| ജൂലൈ 2020 | 16 ദിവസം | 2ദിവസം | 14ദിവസം | 14000 |
| ഓഗസ്റ്റ് 2020 | 16 ദിവസം | 5ദിവസം | 11ദിവസം | 11000 |
| സെപ്റ്റംബർ2020 | 15ദിവസം | 8ദിവസം | 7ദിവസം | 7000 |
| ഡിസംബർ 2020 | 16 ദിവസം | 13ദിവസം | 3ദിവസം | 3000 |
| ഫെബ്രുവരി 2021 | 16 ദിവസം | 14ദിവസം | 2ദിവസം | 2000 |
| മാർച്ച് 2021 | 16 ദിവസം | 15ദിവസം | 1ദിവസം | 1000 |
| ആകെ | | | | 38000 |

പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വാഹനം ഓടാതിരുന്ന ദിവസങ്ങളിൽ അധികം തുക നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 24.05.2022ൽ നല്കിയ 29ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 38,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 കോവിഡ് ഡ്യൂട്ടി ചെയ്യുവർക്ക് താമസസൗകര്യം- തനതുഫണ്ടിൽ നിന്നും വൈദ്യുതിചാർജ്ജും വെള്ളക്കരവും പ്രോജക്ടിൽ നിന്നും വാടകയും നൽകി

പ്രോജക്ട് നം. – 245/2021

അടങ്കൽ – 4,00,000/- (വികസനഫണ്ട് -ജനറൽ)

ചെലവ് – 3,53,565 /-

നിർവ്വഹണം - സെക്രട്ടറി

കോവിഡ് കാലത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച സി.എഫ്.എൽ.ടി.സി യുമായി ബന്ധപ്പെട്ട വിവിധ സിവിൽ വർക്കുകൾ, ബയോ ടോയ്‌ലറ്റ് ഉൾപ്പടെയുള്ള ചെലവുകൾക്കായാണ് പ്രധാനമായും ഈ പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. കൂടാതെ കോവിഡ് ഡ്യൂട്ടിക്ക് നിയോഗിച്ച എൻ.എച്ച്.എം സ്റ്റാഫ്, നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരടക്കം 9 പേർ 21/07/2020 മുതൽ 31/07/2020 വരെ 11 ദിവസം താമസിച്ചതിന് 5 ഡബിൾ റൂമുകൾക്ക് 8,000/- രൂപ നിരക്കിൽ 40,000/-രൂപയും കോവിഡ് ലോക്ഡൗൺ കാലയളവിൽ 2020 April 25 - 2020 May 24 വരെ ഒരു മാസം ഡോക്ടറും ഫാർമസിസ്റ്റും താമസിച്ചതിനായി 11,000/- രൂപയും ഉൾപ്പടെ 51,000/- രൂപ അക്ഷയ ഹോംസ്റ്റേ ഉടമ ശ്രീ ബെന്നൻ വർഗ്ഗീസിന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/06/2020 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം കോവിഡ് ജോലി നോക്കുന്ന ജീവനക്കാർക്ക് 25/04/2020 - 24/05/2020 കാലയളവിൽ താമസസൗകര്യം ഏർപ്പെടുത്തി നൽകിയ ശ്രീ ബെന്നൻ വർഗ്ഗീസിന്റെ ഹോംസ്റ്റേ കെട്ടിടത്തിന്റെ കറന്റ് ചാർജ്ജ്, വെള്ളക്കരം എന്നിവ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് തീരുമാനിക്കുകയും 2020 ജൂൺ മാസം നാലാം തീയതിയിലെ വൗച്ചർ നം-22000190 (ചെക്ക് നം-140088 തീ.04/06/2020) പ്രകാരം 14,772/- രൂപ ശ്രീ ബെന്നൻ വർഗ്ഗീസിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ശ്രീ ബെന്നൻ വർഗ്ഗീസ് ഹാജരാക്കിയ ഇലക്ട്രിസിറ്റി ബില്ലായ 13,222/- രൂപ 2020 മാർച്ച് 20 മുതൽ ഏപ്രിൽ 26 വരെയുള്ള രണ്ട് മാസക്കാലത്തെയാണ്. ശ്രീ ബെന്നൻ വർഗ്ഗീസിന്റെ അപേക്ഷ പ്രകാരം തന്നെ 25/04/2020 - 24/05/2020 കാലയളവിൽ മാത്രമാണ് താമസസൗകര്യം ഏർപ്പെടുത്തിയിരുന്നത്. ഇത് പ്രകാരം ഒരു മാസത്തെ ബില്ലിന്റെ തുക മാത്രമാണ് പഞ്ചായത്ത് നൽകേണ്ടിയിരുന്നത്. കൂടാതെ വെള്ളക്കരത്തിന്റെ ബില്ലിന് പകരം തുക അഡ്വാൻസ് അടച്ച രസീതാണ് ഉടമ ഹാജരാക്കിയത്. കോവിഡ് ഡ്യൂട്ടി ചെയ്തവർക്ക് ഒരു മാസക്കാലയളവിൽ താമസസൗകര്യം നൽകിയതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഹോംസ്റ്റേ കെട്ടിടത്തിന്റെ രണ്ട് മാസത്തെ കറന്റ് ചാർജ്ജ്, വെള്ളക്കരം എന്നിവ വാങ്ങിയ ശ്രീ ബെന്നൻ വർഗ്ഗീസിന് വീണ്ടും സി.എഫ്.എൽ.ടി.സി ചെലവുകൾ (പ്രോജക്ട് നം-245/2021) പദ്ധതിയിൽ നിന്നും ഈ താമസ കാലയളവിലെ വാടകയായി 11,000 (TRN-201112000000003796 Dtd 31/10/2020) കൂടി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം-12 തീയതി 21/05/2022) നല്കിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. കോവിഡ് മഹാമാരിക്കാലത്ത് ദുരന്തനിവാരണനിയമമനുസരിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥനപ്രകാരം കോവിഡ് പ്രതിരോധപ്രവർത്തകരുടെ താമസത്തിനായി അനുവദിച്ച കെട്ടിടത്തിന്റെ ഒരു മാസത്തെ അധിക കറന്റ് ചാർജ്ജ് തനത്ഫണ്ടിൽ നിന്നും അനുവദിച്ചതും സി.എഫ്.എൽ.ടി.സി.യിലെ ചെലവുകൾ നിർവ്വഹിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ നിന്നും ജീവനക്കാരുടെ താമസകാലയളവിലെ മുഴുവൻ വാടകയും സ്വകാര്യ ഹോംസ്റ്റേ ഉടമക്ക് നൽകിയത് ക്രമപ്രകാരമല്ല. ഈയിനങ്ങളിൽ ഗ്രാമപഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടിവന്ന 17,611/- രൂപയുടെ (Rs.13,222/2) = 6,611 + 11,000) ചെലവ് നിരാകരിക്കുന്നു. ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 3,500 | തരിശുനിലങ്ങളിലെ നെൽകൃഷി | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 26,250 | തരിശു ഭൂമിയിൽ പച്ചക്കറി കൃഷി വ്യാപനം | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 1,00,000 | പാലിയേറ്റിവ് കെയർ, ചെല്ലാനം | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 1,00,000 | പാലിയേറ്റിവ് കെയർ, കണ്ടക്കടവ് പി എച്ച് സി | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 20,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 4,62,400 |
| ജില്ലാ പഞ്ചായത്ത് | 2020 | 18,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 6,00,000 | ലൈഫ് ഭവന പദ്ധതി എസ്.സി. | 6,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 3,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,50,000 |
| ജില്ലാ പഞ്ചായത്ത് | 2020 | 3,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 1,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 |
| ജില്ലാ പഞ്ചായത്ത് | 2020 | 3,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,50,000 |
| ജില്ലാ പഞ്ചായത്ത് | 2020 | 4,00,000 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ | 3,51,892 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020 | 10,00,000 | മൂർത്തി അമ്പലത്തിന് പടിഞ്ഞാറ് നടപ്പാത കാന പുനരുദ്ധാരണം | 8,12,470 |
| ജില്ലാ പഞ്ചായത്ത് | 2020 | 3,75,633 | വാർഡ് 16 സെൻറ് ജോർജ്ജ് സ്കൂൾ | 2,17,139 |
| ജില്ലാ പഞ്ചായത്ത് | 2020 | 4,17,774 | വേളാങ്കണ്ണി ചാപ്പൽ കിഴക്ക് റോഡ് വാർഡ് 3 | 3,99,990 |
| ജില്ലാ പഞ്ചായത്ത് | 2020 | 10,00,000 | വാർഡ് 13 ബസാർ പടിഞ്ഞാറ് റോഡ് പുനരുദ്ധാരണം | 4,82,357 |
| ജില്ലാ പഞ്ചായത്ത് | 2020 | 5,04,567 | കട്ടിക്കാട് റോഡ് പുനരുദ്ധാരണം | 5,03,150 |
| ജില്ലാ പഞ്ചായത്ത് | 2020 | 6,86,992 | വാർഡ് 10 ജനത ലൈൻ എക്സ്റ്റൻഷൻ അറ്റകുറ്റപ്പണികൾ | 5,26,889 |
| ജില്ലാ പഞ്ചായത്ത് | 2020 | 10,00,000 | വാർഡ് 19 ഗൌണ്ടുപറമ്പ് കോലോത്ത് അമ്പലം റോഡ് | 7,84,300 |
| ജില്ലാ പഞ്ചായത്ത് | 2020 | 5,00,000 | ചെറിയകടവ് കമ്പനിപ്പടി പടിഞ്ഞാറെ റോഡ് കാന കവർസ്ലാബ് | 4,99,407 |
| ജില്ലാ പഞ്ചായത്ത് | 2020 | 15,00,000 | ഗ്യാസ് ഗോഡൌൺ പൂർത്തീകരണം | 8,49,893 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 | 1,50,000 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 58,709 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റും ലൈനും മാറ്റി സ്ഥാപിക്കൽ | (TRN-201112000000002729 Dtd 27/08/2020, 201112000000003798 Dt 30/10/2020, 201112000000005011 Dt 31/12/2020 Etc) | 9,66,097 | | 9,66,097 |
| കുടുംബശ്രീ മിഷൻ | എ.ബി.സി പദ്ധതി | Rs.105000/- (TRN-201112000000006591 | 1,05,000 | 0 | 1,05,000 |
| കേരള വാട്ടർ അതോറിറ്റി | ജൽജീവൻ മിഷൻ | (TRN-201112000000007192 Dt 30/03/2021) | 1,00,000 | | 1,00,000 |
| | | ആകെ | 11,71,097 | | 11,71,097 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,00,000 വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലൈഫ്/ഇ.കെ.എം. /62/201/21.03.2019 | 2,00,000 | 45,26,471 | 6,58,471 | | 40,68,000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 70,55,899 |
| തൻവർഷത്തെ പലിശ | 1,19,726 |
| ആകെ | 71,75,625 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 71,75,625 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണസംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,63,03,319.83 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,69,06,545 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55,611 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,62,589 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 38000 | ഡോ.രമ്യ ജി. കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം |
| 3-2 | -- | 17611 | ശ്രീമതി പി.പി. ഷീല, സെക്രട്ടറി |
| ആകെ | | 55611 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 49178 | ശ്രീമതി രശ്മിമോൾ പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 18981 | ഡോ. ശ്രീജ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കണ്ടക്കടവ് |
| | 23675 | ഡോ. ലിസിയ മേരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കണ്ടക്കടവ് |
| 1-18 | 315000 | ഡോ. രമ്യ ജി. കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം |
| 1-19 | 18500 | ഡോ. രമ്യ ജി. കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം |
| 1-20 | 1335172 | ശ്രീമതി പി.പി. ഷീല, സെക്രട്ടറി |
| | 602083 | ശ്രീ ജാസ് ക്വിന്റൺ, സെക്രട്ടറി-ഇൻ-ചാർജ് |
| ആകെ | 2362589 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| -- | -- | --- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രമ്യ ജി. കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം | കുട്ടത്തറ ഹൗസ്, പെരുമ്പടപ്പ് , പള്ളുരുത്തി (പി.ഒ.) കൊച്ചി – 8 |
| ശ്രീമതി രശ്മിമോൾ പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത് | കഴുവൻകാട്ടിൽ, വളമംഗലം സൌത്ത് (പി.ഒ.) തുറവൂർ |
| ഡോ. ശ്രീജ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കണ്ടക്കടവ് | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ആലുവ. | തട്ടംപറമ്പിൽ ഹൗസ്, ഇരുമ്പനം (പി.ഒ.), പിൻ - 682309 |
| ഡോ. ലിസിയ മേരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കണ്ടക്കടവ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കണ്ടക്കടവ് | കുന്നകശ്ശേരിയിൽ വീട് എടപ്പിള്ളി (പി.ഒ.) |
| ശ്രീമതി.പി.പി.ഷീല. സെക്രട്ടറി | വിരമിച്ചു. | ഈശ്വരീയം, മുല്ലർ ഹൗസ്, ഏറനാട് അമ്പലത്തിന് സമീപം, പെരുമ്പടപ്പ്, പള്ളുരുത്തി (പി.ഒ.) , എറണാകുളം |
| ശ്രീ.ജോസ് ക്ലിന്റൺ,സെക്രട്ടറി ഇൻ ചാർജ് | ജെ.എസ്., പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 | പനയ്ക്കൽ വീട്, തിരുമലഭാഗം (പി.ഒ.) ചേർത്തല |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1999-2000 (വരവ്) | എൽ.എഫ്.ഇ. (പി.1)921/02 /7.7.2005 | 1 | 2-3 |
| 2001-02പദ്ധതി വിഹിതം | എൽ.എഫ്.ഇ. (പി.1)1162/03 /4.2.2004 | 1 | 9 |
| 2006-07 | എൽ.എഫ്.ഇ. (പി.1)201/10, തീ. 14.6.11 | 2 | 3(5), 3(6) |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 | 5 | 2-1(2), 2-2, 3-1, 3-2, 3-3 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 | 3 | 2-4, 3-1, 3-4 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 | 6 | 2-1, 3(2), 3-6, 3-7, 3-8 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി.3) 960/2016/ 22.06.2016 | 4 | 3-3, 3-4, 3-5, 3-7 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം (പി.3)1975/2016,07.12.2016 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.3)1761/2017, 21.11.2017/12.12.2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4,3-5, 3-6, 3-8, 3-9, 3-10 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി.3)2193/2018, 3.12.2018/10.12.2018 | 14 | 2-2, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.3) 1578/2019/3.01.2020 | 17 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-21 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.3) 518/2021/31.03.2021/29.04.2021 | 10 | 1-15,1-16,1-17,1-18,1-21,1-23,1-24,1-26,1-28,3-1 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്